# അക്കാദമിക് മാസ്റ്റർപ്ലാൻ
# 2025-26

ഗവ:യു.പി.എസ് ഇടനില
മന്നൂർക്കോണം
നെടുമങ്ങാട് ഉപജില്ല
ആറ്റിങ്ങൽ
വിദ്യാഭ്യാസജില്ല
തിരുവനന്തപുരം ജില്ല

# PROFILE

| | | |
|---|---|---|
| Name Of School | : | Govt. UPS Edanila |
| Date of Establishment | : | 1923 |
| Name Of Municipality | : | Nedumangad |
| Name of BRC | : | Nedumangad |
| Name of District | : | Thiruvananthapuram |
| Name of Educational District | : | Attingal |
| Name of Sub District | : | Nedumangad |
| Name Of HM | : | Smt. Preetha Das K L |
| Mobile Number | : | 9497383818 |
| E-mail Id | : | gupsedanila@gmail.com |
| Facebook | : | Govt UPS Edanila |
| Youtube | : | Govt UPS Edanila |
| School Code | : | 42547 |

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. അവസ്ഥാപഠനം
4. അധ്യാപകരും ചുമതലയും
5. നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ
6. ഒറ്റനോട്ടത്തിൽ
7. പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ

    മലയാളം
    ഇംഗ്ലീഷ്
    ഹിന്ദി
    അറബിക്
    സംസ്കൃതം
    ഗണിതം
    ശാസ്ത്രം
    പരിസ്ഥിതിസംരക്ഷണം
    സാമൂഹ്യശാസ്ത്രം
    ആരോഗ്യകായികവിദ്യാഭ്യാസം
    കലാപഠനം
    പ്രവർത്തി പരിചയം
    പ്രതിഭ പോഷണ പരിപാടികൾ
    പ്രേത്യക പരിഗണന അർഹിക്കുന്നവർ

8 . സാമൂഹികം

9. ഉപസംഹാരം

# ആമുഖം

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് നഗരസഭയുടെ തെക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ഗവ:യു.പി.എസ് ഇടനില, 1923 ൽ യശ്ശശരീരനായ ശ്രീ. രാമൻ നായർ സർ തന്റെ സ്വന്തം സ്ഥലത്തു നിർമ്മിച്ച് സർക്കാരിന് കൈമാറിയ നമ്മുടെ സ്കൂളിൽ പ്രീപ്രൈമറിതലം മുതൽ ഏഴാം ക്ലാസ്സുവരെ മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലായി, 102 വർഷത്തെ ചരിത്രപരമായ കാൽവയ്പ്പിലൂടെ മികച്ച വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിച്ച് ചരിത്രം കുറിച്ചുകൊണ്ട് മുന്നേറുന്നു .

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുകയും കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ സമൃദ്ധമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനും ഉപയോഗപ്രദമാവുകയും ചെയ്യുന്നു. അത്തരത്തിൽ പഠനനേട്ടങ്ങൾ ആസ്വാദ്യകരമാക്കാൻ ഉതകുന്ന രീതിയിലുള്ള മികച്ച പഠനരീതികളാണ് നടന്നുവരുന്നത്.. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയം നിശ്ചിത ഇടവേളകളിൽ നടത്തി കുട്ടിയുടെ പഠനനില കണ്ടെത്തി പുനരനുഭവം ഒരുക്കിയും, സമഗ്ര ഗുണമേന്മവിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിടുന്ന 'ഓരോ കുട്ടിയേയും മികവിന്റെ ഉടമകളാക്കുക' എന്ന കാഴ്ചപ്പാടിലൂന്നിയാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

# ലക്ഷ്യങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചു സമഗ്ര ഗുണമേന്മ. വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും കിട്ടുന്നു എന്ന് ഉറപ്പാക്കുക.
2. ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
3. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
4. ഐസിടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങളും അക്കാഡമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
5. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
6. പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
7. മുഴുവൻ കുട്ടികള്ക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക
8. ലഘു പഠനനയാത്രകൾ, പഠനക്യാമ്പുകൾ ,ശില്പശാലകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ക്റ്റുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
9. മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കി തുടർച്ചയായതും സമഗ്രമായതുമായ വിലയിരുത്തലിലൂടെ കുട്ടികളുടെ അതാത് സമയത്തെ പഠനനില കണ്ടെത്തി പുനരനുഭവം ഒരുക്കുക
10. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക . അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചു അവരെ ബോധവാന്മാരാക്കുക
11. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക

ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക

12. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുഗുണമായ പ്രവർത്തനങ്ങൾ ഒരുക്കി മുഖ്യധാരയിൽ എത്തിക്കുക
13. കുട്ടികൾക്കായി ഗൈഡൻസ് , കൗൺസിലിഗ് ഒരുക്കുക
14. സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിലുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക

15. പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക
16. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
17. മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കുക

ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക

18. കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക
19. സർവ്വോപരി സമഗ്രപഠനപുരോഗതിരേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നു എന്ന് രക്ഷിതാക്കളെയും പൊതു സമൂഹത്തെയും ബോധ്യപ്പെടുത്തുക

# അവസ്ഥാപഠനം

## അക്കാദമികം

### നേട്ടങ്ങൾ

നെടുമങ്ങാട് സബ്ജില്ലയിലെ കലാകായിക ശാസ്ത്ര പ്രവൃത്തി പരിചയ മേഖലകളിൽ മികവാർന്ന പ്രവർത്തങ്ങൾ കാഴ്ച വയ്ക്കാൻ ആവശ്യമായ പ്രത്യേക പരിശീനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങായി വൈവിധ്യമാർന്ന പ്രവത്തനങ്ങൾ നൽകി വരുന്നു.

LSS, USS സ്കോളർഷിപ് പരീക്ഷകളിൽ മികച്ചവിജയം നേടുന്നതിനുവേണ്ടി പ്രത്യേക പരിശീലന കളരികൾ ഒരുക്കി അധ്യാപകരും രക്ഷിതാക്കളും SMC, PTA, MPTA കുട്ടികളോടൊപ്പം നിൽക്കുന്നു.

എല്ലാ കുട്ടികളും സങ്കോചമില്ലാതെ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ബാലസഭകൾ, പഠനോത്സവങ്ങൾ, കലാ- കായികമേളകൾ, ശാസ്ത്രപ്രവൃത്തി പരിചയ മേളകൾ എന്നിവ സംഘടിപ്പിച്ച് അവസരമൊരുക്കുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠന പ്രവർത്തങ്ങൾ അവർക്ക് അനുയോജ്യമായ രീതിയിൽ നൽകുന്നതിന് BRC യിലെ വിദഗ്ധരോടൊപ്പം അധ്യാപകരും പങ്കാളികളാകുന്നു.

### പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ വേണ്ട പ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ടെങ്കിലും മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ ഇനിയും പരിശ്രമം ആവശ്യമാണ്.

ഗണിത ലാബ്, ശാസ്ത്ര ലാബ്, സാമൂഹ്യ ലാബ് എന്നിവ പ്രേത്യകമായി ഇല്ലാത്തത് ക്ലബ് പ്രവർത്തങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു.

ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ഉള്ള പ്രവർത്തങ്ങൾ നടക്കുന്നുണ്ടെങ്കിലും മുഴുവൻകുട്ടികളുടെയും പുരോഗതി ഉറപ്പാക്കാൻ കഴിയുന്നില്ല.

ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നല്കാൻ കഴിയുന്നില്ല.

സമഗ്ര പഠനപുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നു എന്ന് രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്.

# ഭൗതികം

## നേട്ടങ്ങൾ

നിലവിൽ സ്റ്റാർഴ്സ് 'വർണ്ണകൂടാരം' പദ്ധതിയുടെ ഭാഗമായി പ്രീ പ്രൈമറി ക്ലാസ്സ്മുറികൾ സ്കൂൾ പരിസരങ്ങൾ എന്നിവ മോടിപിടിപ്പിച്ചു .

8 ക്ലാസ് മുറികളുള്ള വിശാലമായ ഇരുനില മന്ദിരം കുട്ടികൾക്കായി ഒരുക്കി.

പെൺകുട്ടികൾക്ക് GIRLS FRIENDLY ടോയ്‌ലെറ്റും ഇൻസിനറേറ്ററും സ്ഥാപിച്ചു.

സ്കൂൾ പ്രവേശന കവാടം മുതൽ കുഞ്ഞരങ്ങു വരെയുള്ള സ്കൂൾ മുറ്റം ടൈൽ പാകി ആകർഷകമാക്കി.

ഹരിതോദ്യാനത്തിൽ ഫലവൃക്ഷങ്ങൾ ധാരാളം നട്ടുപിടിപ്പിച്ചു .

## പരിമിതികൾ

വിശാലമായ ലൈബ്രറിയും റീഡിങ് റൂമും ആവശ്യമാണ്.

ഭൂമിശാസ്ത്രപരമായ ഘടന, മഴക്കാലത്തു സ്കൂൾ മുറ്റത്തു ഉണ്ടാകുന്ന നീരൊഴുക്ക്, സ്കൂൾ പ്രവർത്തനത്തിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ ഇന്റർലോക്ക് സംവിധാനം ആവശ്യമാണ്.

സയൻസ് ലാബ്, സോഷ്യൽ ലാബ്, ഗണിത ലാബ് എന്നിവയ്ക്കു പുതിയറൂമുകൾ പണിയണം

കായികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ കളിസ്ഥലം ലഭ്യമാക്കേണ്ടതാണ്.

ആധുനിക രീതിയിലുള്ള പാചകപ്പുരയും ഭോജനശാലയും ആവശ്യമാണ് . ഇതിൽ ആവശ്യത്തിനുള്ള പാത്രങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കണം

വേനൽക്കാലത്തു നേരിടുന്ന ജലക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം

ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യം ഒരുക്കണം

കലാ-കായിക പ്രവർത്തങ്ങൾക്കാവശ്യമായ പ്രോത്സാഹനം നല്കാൻ വിദഗ്ധരുടെ സേവനം ലഭ്യമാക്കണം

എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം ഒരുക്കണം

നിലവിലുള്ളവ മെച്ചപ്പെടുത്തണം

PTCM ഒഴിവ് നികത്തണം

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന പ്രവർത്തങ്ങളിൽ PTA, MPTA, SMC സന്നദ്ധസംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വായനശാലകൾ എന്നിവ കൈത്താങ്ങായി നിൽക്കുകയും സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുകയും ചെയ്യുന്നു.

പഠനോത്സവങ്ങൾ ഫേസ്ബുക്, സ്കൂൾ വിക്കി, യൂട്യൂബ് എന്നീ നവമാധ്യമങ്ങൾ എന്നിവയിലൂടെ സ്കൂളിന്റെ മികവുകൾ സമൂഹമധ്യത്തിൽ അവതരിപ്പിക്കുന്നതിന് കഴിയുന്നു.

# പരിമിതികൾ

കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിൽ വികസിപ്പിക്കുന്നില്ല.

ഭിന്ന ശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെക്കുറിച്ചു ധാരണയില്ല.

കലാ-കായിക, പ്രവൃത്തിപരിചയ സാംസ്കാരിക പരിപാടികൾ ഏകോപിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## അധ്യാപകരും ചുമതലയും

| | | |
|---|---|---|
| പ്രീത ദാസ് K L | HM | |
| അജിത | 1A | IT |
| അശ്വതി A R | 1B | ലഹരി വിരുദ്ധ സമിതി , ഗാന്ധിദർശൻ Work experience |
| മേരി റോസ് T M | 2A | SRG , MATHS CLUB |
| രശ്മി L | 2B | School Van , English Club |
| കൃഷ്ണപ്രിയ T M | 3A | വിദ്യാരംഗം , ദിനാചരണം ,കലോത്സവം |
| ദിവ്യ R | 3B | കലോത്സവം |
| ശ്രീജ N നായർ | 3C | എക്കോ  ക്ലബ് ,ഹരിത ക്ലബ് |
| ഷീബ D | 4A | Health Club |
| ജയശ്രീ M S | 4B | School Van , English Club |
| നൗഫി മോൾ | 5A | Monthly Quiz |
| ഫൻസ ബീഗം S S | 5B | SRG |
| റംസി | 6A | SS Club |
| ചിന്നു P A | 6B | SSS, Science Club |
| സന്തോഷ് കുമാർ D | 7A | SS Club |
| രമ്യ V S | 7B | Staff Secretary, Science Club,English CLub |
| നമിത S | 7C | Media,Scholarship,PSITC,Maths Club |
| ബിന്ദു V G | PRE KG | |
| രേവതി | LKG | |
| ഷീജ ബീഗം | UKG | |
| സംഗീത റോബർട്ട് | ARABIC LP | Noon Meal |
| സ്മിത A S | ARABIC UP | Library |
| ഷാനിബS.S | SANSKRIT | Noon Meal |
| ശരണ്യ | HINDI UP | ഗാന്ധിദർശൻ , Work experience |

## മറ്റ്  ജീവനക്കാർ

| | |
|---|---|
| ഫാത്തിമ സഫിന | OA |
| ഷീജ | COOK |
| ജയ | ആയ |
| മായ | ആയ |
| നിത്യ | ആയ |
| ജയേഷ് | ഡ്രൈവർ |
| അശോകൻ | ഡ്രൈവർ |
| ഫാത്തിമ സഫിന | OA |

# നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ

| | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|
| ക്ലാസ് മുറി | 18 | 2 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 3 | 4 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | 4 |
| പ്രീ പ്രൈമറി ടോയ്‌ലറ്റ് | 1 | 1 |
| കിണർ | 1 | 1 |
| ലൈബ്രറി | 1 | സൗകര്യം കൂട്ടണം |
| റീഡിങ് റൂം | ഇല്ല | 1 |
| ചുറ്റുമതിൽ | ഉണ്ട് | ഉയർത്തണം |
| കളിസ്ഥലം | ഉണ്ട് | പര്യാപ്തമല്ല |
| ക്ലാസ് മുറിയിൽ റാംപ് | 6 | - |
| അടുക്കള | 1 | ആധുനിക സൗകര്യമുള്ള അടുക്കള |
| കമ്പ്യൂട്ടർ ലാബ് | 1 | |
| സ്കൂൾ ബസ് | 2 | 1 |
| വിഷയലാബുകൾ | 1 | 3 |
| സ്റ്റേജ് | 1 | |
| കമ്പ്യൂട്ടർ | 1 | 2 |
| ലാപ് ടോപ് | 6 | 9 |
| സൗണ്ട് സിസ്റ്റം | 1 | Centralised Sound System |
| സ്പീക്കർ | 2 | 7 |
| പ്രൊജക്ടർ | 2 | 15 |
| വൈറ്റ് ബോർഡ് | 18 | - |
| സ്മാർട്ട് ടി വി | 2 | - |

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

1. കൈത്താങ്ങ് - ഭാഷാശേഷി വികസനം
2. Spell Bee-ഇംഗ്ലീഷ് പഠനം
3. ശാസ്ത്രപരീക്ഷണകൂടാരം
4. Virtual Field Trip
5. ലബോറട്ടറി നവീകരണം
6. സാഹിത്യ ചുമർ
7. പ്രതിഭാപോഷണ പരിപാടികൾ
8. ബാലസഭകൾ
9. ക്ലാസ് ലൈബ്രറി സജ്ജീകരണം
10. വീട്ടിലൊരു ലൈബ്രറി ജൈവവൈവിധ്യ പാർക്ക്
11. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
12. പഠനയാത്രകൾ
13. സ്കൂൾ പത്രം
14. അധ്യാപകശാക്തീകരണം
15. ഇൻലന്റ് മാഗസിൻ
16. പ്രവൃത്തി പരിചയ പരിശീലനം
17. കലാപരിപോഷണം
18. പച്ചക്കറി തോട്ടം
19. മെഡിക്കൽ ക്യാമ്പ്
20. ഭാഷാലാബ്
21. സാഹിത്യ ശില്പശാല
22. School Wiki
23. Monthly Quiz

# ആമുഖം

പ്രീ പ്രൈമറി ക്ലാസിലെ കുട്ടികളുടെ സർവതോന്മുഖമായ വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. ഒരു കുട്ടിയുടെ സാമൂഹികവും വൈകാരികവും മൊത്തത്തിലുള്ളതുമായ ക്ഷേമത്തിന് ഉറച്ച അടിത്തറ സ്ഥാപിക്കുന്നതിന് പ്രീ പ്രൈമറി വിദ്യാഭ്യാസം നിർണായകമാണ്. മൂന്ന്-നാല് പ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ വികാസത്തിനുതകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കളികളിലൂടെ അനുഭവങ്ങൾ ആർജ്ജിക്കുക, അനുഭവങ്ങളിലൂടെ അറിവും നൈപുണ്യങ്ങളും മൂല്യങ്ങളും നേടുക, മൂർത്തവും പരിചിതവുമായ വസ്തുക്കളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കി അനുഭവങ്ങൾ നൽകുക എന്നത് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. തീമുകളെ അടിസ്ഥാനമാക്കി ഏറ്റവും പരിചിതമായ തീമിൽ നിന്നും ക്രമേണ വികസിച്ച് ഇതര തീമിലേക്ക് കടക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഓരോ വ്യത്യസ്ത തീമുകളായാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

## ലക്ഷ്യങ്ങൾ

- കളികളും കലകളും പഠനത്തിന്റെ ആധാരതലങ്ങളാക്കൽ
- കുഞ്ഞുങ്ങളുടെ സവിശേഷമായ ചിന്താരീതികളെ മാനിക്കൽ
- നേരനുഭവങ്ങൾക്ക് പ്രഥമ പരിഗണന നൽകൽ
- ദൈനംദിന ജീവിതത്തിലെ പരിചിതവും വെല്ലുവിളികളെ ഉണർത്തുന്നതുമായ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തൽ
- ഔപചാരികവും അനൗപചാരികവുമായ ഇടപെടൽ രീതികൾ ഇടകലർത്തി ഉപയോഗിക്കൽ
- പ്രാദേശികസാമഗ്രികൾ, പ്രാദേശികകലകൾ, പ്രദേശത്തെ അറിവുകൾ എന്നിവ പ്രയോജനപ്പെടുത്തൽ
- വൈവിധ്യങ്ങളെ മാനിക്കൽ [കുട്ടികൾ, പ്രവർത്തനങ്ങൾ]
- ആരോഗ്യം, ആരോഗ്യ ശീലങ്ങൾ, കുട്ടികളുടെ ക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകൽ

## പ്രീ സ്കൂൾ തീമുകൾ

| | | |
|---|---|---|
| 1<br>2 | കുടുംബം<br>വീടും പരിസരവും | ജൂൺ |
| 3<br>4<br>5 | ഞാനും എന്റെ ശരീരവും - ശുചിത്വം<br>മഴയും കാലാവസ്ഥയും<br>സസ്യങ്ങൾ, പഴങ്ങൾ | ജൂലൈ |
| 6<br>7<br>8 | ആഹാരം<br>ആഘോഷങ്ങൾ - സ്വാതന്ത്ര്യ ദിനം<br>ആരോഗ്യം, രോഗങ്ങൾ, ആശുപത്രി | ആഗസ്റ്റ് |
| 9<br>10<br>11 | പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ<br>ഓണം, റംസാൻ<br>പച്ചക്കറികൾ | സെപ്റ്റംബർ |
| 12<br>13<br>14<br>15 | ഗാന്ധിജയന്തി<br>ജീവികൾ,വളർത്തു ജീവികൾ, വളർത്തു പക്ഷികൾ<br>വന്യജീവികൾ<br>മണ്ണ് ,കൃഷി | ഒക്ടോബർ |
| 16<br>17<br>18 | തൊഴിൽ<br>ശിശുദിനം<br>പക്ഷികൾ | നവംബർ |
| 19<br>20<br>21 | പ്രാണികൾ, ഇഴജന്തുക്കൾ<br>വസ്ത്രം<br>ക്രിസ്മസ് | ഡിസംബർ |
| 22<br>23<br>24 | വാഹനങ്ങൾ<br>എന്റെ ഗ്രാമം<br>പൊതുസ്ഥാപനങ്ങൾ | ജനുവരി |
| 25<br>26<br>27 | കലകൾ, പ്രാദേശിക ഉത്സവങ്ങൾ<br>ആകാശം<br>കളികൾ, വിനോദങ്ങൾ | ഫെബ്രുവരി |
| 28<br><br>29<br>30 | വാർത്താവിനിമയ മാധ്യമങ്ങൾ<br>[ റേഡിയോ, ടിവി, ഫോൺ, പത്രം]<br>വെള്ളം, പുഴ, കടൽ<br>കാട്, മരങ്ങൾ | മാർച്ച് |

**ശേഷികളെ അടിസ്ഥാനമാക്കി കുട്ടികൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ**

1. <u>ശാരീരിക ചാലക വികാസം</u>
    - സ്വതന്ത്രമായി നടക്കൽ
    - സ്വതന്ത്രമായി ഓടൽ
    - കളിപ്പാട്ടം ഉപയോഗിച്ച് കളിക്കൽ
    - ആസൂത്രിത കളികൾ

2. <u>ഭാഷാ വികാസം</u>
    - ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ വായിച്ച് ആശയങ്ങൾ പറയൽ
    - ചിത്രകഥകൾ നിരീക്ഷിച്ചു കഥ ഊഹിച്ച് പറയൽ
    - കഥാഗാനം പാടൽ
    - ഇഷ്ടപ്പെട്ട ഭക്ഷണം, കളി, യാത്ര എന്നിവയെ കുറിച്ച് പറയൽ
    - പാവ നാടകം, റോൾപ്ലേ, ചമഞ്ഞുകളി എന്നിവ അവതരിപ്പിക്കുന്നു

3. <u>വൈജ്ഞാനിക വികാസം</u>
    - പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ, ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകം കണ്ടെത്താനും വാചികമായി പറയാനും കഴിയുന്നു
    - പ്രകൃതി നടത്തം
    - ചിത്ര വായന
    - ആരോഗ്യ ശീലങ്ങൾ എന്നിവയെ കുറിച്ച് അറിയുന്നു
    - ഗണിതപ്പാട്ട്, ഗണിതരൂപങ്ങൾ പരിചയപ്പെടൽ
    - ഗണിത കളികൾ

4. <u>സാമൂഹിക- വൈകാരിക വികാസം</u>
    - ആരോഗ്യ- ശുചിത്വ ശീലങ്ങളെ കുറിച്ച് അറിയുന്നു
    - തന്റെ ലഘുവായ ആവശ്യങ്ങൾ പരാശ്രയമില്ലാതെ ചെയ്യാൻ കഴിയുന്നു
    - സ്വന്തം പേര്, മാതാപിതാക്കളുടെ പേര് എന്നിവ മറ്റുള്ളവരോട് പറയാൻ കഴിയുന്നു
    - കളിപ്പാട്ടങ്ങൾ, ആഹാരം, മറ്റു വസ്തുക്കൾ മറ്റുള്ളവരുമായി പങ്കുവയ്ക്കൽ

5. <u>സർഗ്ഗാത്മിക- സൗന്ദര്യാത്മക വികാസം</u>

- കഥാഗാനം, സംഭാഷണ ഗാനങ്ങൾ കേൾക്കൽ
- ചമഞ്ഞുകളി
- കഥ കേൾക്കൽ
- ആംഗ്യ പാട്ടുപാടൽ
- പാട്ടുപാടൽ

# മേഖല മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | **<u>കൈത്താങ്ങ്</u>**<br>ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാകുന്നു<br><br>പിന്നോക്കകൊരുടെ രക്ഷിതാക്കളുടെ മീറ്റിംഗ് കൂടി അവസ്ഥ വിശകലനം , കൈത്താങ് പ്രവർത്തങ്ങളുടെ ബോധവത്കരണം.<br><br>ഒഴിവ് സമയങ്ങളിൽ കൈത്താങ്ങ് പഠനക്ലാസ്സുകൾ നടത്തുന്നു<br><br>മാർച്ച് മാസത്തെ പഠനോത്സവത്തിൽ മികവുകൾ പ്രദർശിപ്പിക്കുന്നു. | JUNE 2 - 10<br><br>JUNE 20<br><br>JUNE – FEBRUARY | 2000 | CLASS TEACHERS PTA<br><br>TEACHERS |

| | | | | |
|---|---|---|---|---|
| 1. ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യശേഷികൾ കൈവരിക്കൽ. | **<u>സാഹിത്യ ചുമർ</u>**<br>കുട്ടികൾ തയ്യാറാക്കുന്ന ആസ്വാദനകുറിപ്പ് കഥ , കവിത ........തുടങ്ങിയ വ്യത്യസ്ത വ്യവഹാരരൂപങ്ങൾ പൊതുവായി സ്ഥാപിച്ചിരിക്കുന്ന സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു.<br><br>**<u>ഇൻലൻന്റ് മാഗസിൻ</u>**<br><br>സാഹിത്യാചുമരിലെ സൃഷ്ടികൾ ഉൾപ്പെടുത്തി ഓരോ ടേമിലും ഇൻലൻഡ് മാഗസിൻ പ്രകാശനം ചെയ്യുന്നു<br><br>**<u>സ്കൂൾ പത്രം</u>**<br><br>സ്കൂളിൽ നടക്കുന്ന മികവാർന്ന പ്രവർത്തങ്ങളെ ഉൾപ്പെടുത്തി മാസത്തിൽ ഒരു സ്കൂൾ പത്രം തയ്യാറാക്കുന്നു | July -March<br><br>September<br>December<br>February<br><br>Monthly | 1000<br><br>5000<br><br>2000 | PTA , SMC<br>Malayalam Club<br><br>Vidyarangam<br><br>Vidyarangam<br>Malayalam Club |
| പത്ര വായന പരിപോഷിപ്പിക്കുക | പരമാധി പത്രങ്ങൾ സ്പോൺസേർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>ഓരോ ക്ലാസ്സിനും ഓരോ പത്രം<br>രാവിലെ പത്ര വാർത്തകളുടെ അവതരണം<br>Monthly ക്വിസ്സിൽ പത്ര ക്വിസ് കൂടി ഉൾപ്പെടുത്തൽ | JUNE – MARCH | August | SMC, PTA<br>Class Teacher<br>Monthly Quiz ചുമതലയുള്ള അധ്യാപിക |

## ഉപമേഖല - ദിനാചരണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം. ദിനങ്ങളുടെ പ്രത്യേകത തിരിച്ചറിയുക. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി പൊതുവായും സംഘടിപ്പിക്കൽ | JUNE - MARCH | | SRG വിവിധ ക്ലബ്ബുകൾ |

# മേഖല ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതുന്നതിനും കൃത്യമായ Pronunciation പരിശീലിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു | <u>SPELL BEE</u><br><br>ആഴ്ചയിലെ ഒന്നിടവിട്ട പ്രവർത്തിദിനങ്ങളിൽ തിങ്കൾ ബുധൻ വെള്ളി ഒരു ഇംഗ്ലീഷ് വാക്ക് ഇംഗ്ലീഷ് ക്ലബ്ബിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു അതിന്റെ പ്രൊനൗൻസിയേഷൻ ക്ലാസ് ടീച്ചേർസ് ക്ലാസ് ഗ്രൂപ്പിലൂടെ കൈമാറുന്നു<br>തുടർന്ന് ഓരോ കുട്ടിയും ആ വാക്ക് ഉപയോഗിച്ചു വാക്യങ്ങൾ ഉണ്ടാക്കുന്നു<br>എല്ലാ മാസവും ക്ലാസ് തല മത്സരം സംഘടിപ്പിക്കുന്നു ഇംഗ്ലീഷ് ടീച്ചർ ഒരു വാക്ക് ഉറക്കെ വായിക്കുന്നു . മത്സരാർത്ഥി ആ വാക്ക് കൃത്യമായി ഉച്ചാരണത്തോടെ പറയുകയും സ്പെല്ലിംഗ് എഴുതുകയും ചെയ്യുന്നു . നിരവധി റൗണ്ട് മത്സരങ്ങൾക്കു ശേഷം വിജയിയെ നിർണ്ണയിക്കുന്നു .ഓരോ ടേമിലും ഇത്തരത്തിൽ ക്ലാസ്സ്തല വിജയികളെ ഉൾപ്പെടുത്തി സ്കൂൾ തല മത്സരം നടത്തുന്നു പഠനോത്സവത്തിൽ 3 ടേമിലെയും മത്സര വിജയികൾക്കായി ഫൈനൽ മത്സരം നടത്തുന്നു. | JUNE – MARCH | 2000 | ENGLISH CLUB ENGLISH TEACHERS |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള ശേഷി നേടുന്നു | ENGLISH ASSEMBLY<br>മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. മാറി മാറി എല്ലാ ക്ലാസ്സിനും ചുമതല നൽകുന്നു | WEEKLY | | Class Teachers |
| | ENGLISH DAY<br>എല്ലാ വെള്ളിയാഴ്ചയും 10 മണിമുതൽ 4 മണിവരെ അധ്യാപകരും വിദ്യാർഥികളും ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു. | EVERY FRIDAY | | സ്കൂളിലെ എല്ലാവരും |
| | ഇംഗ്ലീഷിൽ ഡയറി എഴുതുന്നു. | Daily | | English Teachers |
| ഇംഗ്ലീഷ് ഭാഷ എഴുതാനും വായിയ്ക്കാനും സർഗാത്മക രചനകളിൽ ഏർപ്പെടാനുമുള്ള ശേഷി വികസനം. | ഇംഗ്ലീഷ് കഥ ,കവിത - രചനാക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ രണ്ട് തവണ | 2000 | English Club<br>PTA |
| | പാഠഭാഗങ്ങളെ സ്കിറ്റ് , നാടകം , സംഭാഷണം തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങളാക്കി ബാലസഭയിൽ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു തവണ | | ENGLISH TEACHERS |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തൽ.<br>വായനകുറിപ്പ് തയ്യാറാക്കൽ. | ആഴ്ച്ചയിൽ ഒരു ദിവസം | 5000 | ENGLISH TEACHER |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | | PSITC |

# മേഖല -ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 5 ,6 , 7 ക്ലാസ്സുകളിൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഭാഷയോട് താല്പര്യം ഉണ്ടാക്കുന്നു. | അക്ഷരബോധം<br>പുതിയപദങ്ങൾ പറഞ്ഞും പദങ്ങൾ ചൊല്ലിയും അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കുന്നു.<br>ചിത്രങ്ങൾ അക്ഷരമാല ചാർട്ട് അക്ഷരരചന വീഡിയോ കാണിക്കൽ എന്നിവ | JUNE – FEBRUARY | 2000 | HINDI TEACHERS |
| കുട്ടി തെറ്റ് കൂടാതെ ഹിന്ദി വായിക്കുന്നതിനുള്ള ശേഷികൾ കൈവരിക്കുന്നതിന് | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ചു വായനയിലേക് ആകർഷിപ്പിക്കുന്നു. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി (ഹിന്ദി വാക്യങ്ങൾ ഉള്ളവ )<br>കാണിക്കുന്നു | JUNE – FEBRUARY | 2000 | HINDI TEACHERS |
| ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് കുട്ടിയിൽ ഉണ്ടാക്കിയെടുക്കുക.<br>നിത്യജീവിതത്തിൽ ആവശ്യം വരുന്ന കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കുന്നതിനു ള്ള ശേഷി കൈവരിക്കുന്നതിന് | ക്ലാസ്സുകളിൽ മിക്കവാറും ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നു<br><br>മത്സര വായന<br>തെറ്റാതെ ആവർത്തിയില്ലാതെ കൂടുതൽ വരികൾ വായിക്കുന്ന കുട്ടിക്ക് സമ്മാനം | JUNE - february<br><br>FEBRUARY | | HINDI TEACHERS |

# മേഖല -അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബി ഭാഷ പഠനനേട്ടങ്ങൾ എല്ലാകുട്ടികളും നേടുക അറബി ഭാഷ ശേഷി വർദ്ധിപ്പിക്കുക.<br><br>ഓരോ മാസവും കുട്ടികൾ വായനതല്പരരാവുക എഴുത്തിലും വായനയിലും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുക.<br><br>ദിനങ്ങളെക്കുറിച്ചുള്ള ബോധവത്കരണം | പാഠപുസ്തകത്തിലെ വാക്കുകളും പദങ്ങളും കണ്ടെത്തി ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു.<br><br>ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുകയും അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമനുഭവിക്കുന്നവർക്ക് പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു.<br><br>പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കു ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.<br><br>അറബിക് ദിനാചരണവുമായി ബന്ധപ്പെട്ട് മത്സരങ്ങൾ നടത്തുന്നു<br>അറബിക് അസംബ്ലി നടത്തുന്നു. | JUNE – MARCH<br><br>DECEMBER 18<br><br>മാസത്തിൽ ഒന്ന് | അറബിക് അധ്യാപകർ |

# മേഖല -ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രവബോധവും ശാസ്ത്ര അഭിരുചിയും വളർത്തുക | ശാസ്ത്രപരീക്ഷണ കൂടാരം<br>ശാസ്ത്ര ക്ലാസുകൾ എല്ലാം കുട്ടികളുടെ ലഘു പരീക്ഷണങ്ങളിലൂടെ ആരംഭിക്കുന്ന പദ്ധതി<br>പരീക്ഷണം സ്വയം ചെയ്യുന്നു<br>.പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു<br>മാസം തോറും ബാലസഭകളിൽ അവതരിപ്പിക്കുന്നു | JUNE – MARCH<br><br>MONTHLY | | Science teachers<br><br>SCIENCE TEACHERS |
| | **ശാസ്ത്രോത്സവം**<br>സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ഫെബ്രുവരി 28 ശാസ്ത്രോത്സവം എന്ന പേരിൽ ശാസ്ത്രപരീക്ഷണ എക്സ്പോ സംഘടിപ്പിക്കുന്നു<br>പഠനോത്സവത്തിൽ അവതരിപ്പിക്കുന്നു. | FEBRUARY 28 | | SCIENCE CLUB |
| ശാസ്ത്ര ലാബ് നവീകരണം | **ശാസ്ത്രലാബ് സജ്ജീകരിക്കൽ**<br>ആവശ്യമായ ഉപകരണങ്ങളും സാധനങ്ങളും ഒരുക്കുന്നു.<br>പഠന പ്രവർത്തനത്തിനായി ഉപയോഗിക്കുന്നു. | JULY | 25000 | PTA SMC SCIENCE TEACHERS |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ | സ്കൂൾ തലത്തിൽ<br>ശാസ്ത്ര ഗണിതശാസ്ത്ര , സാമൂഹ്യശാസ്ത്ര , ഐ ടി പ്രവർത്തി പരിചയമേളകൾ സംഘടിപ്പിക്കൽ<br>തെരഞ്ഞെടുക്കപ്പെട്ടവർക് തുടർ മത്സരങ്ങൾക്കുള്ള പരിശീലനം നൽകൽ . | AUGUST-SEPTEMBER | 10000 | SCIENCE,SS,IT CLUB |

# മേഖല സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ഇന്ത്യയുടെ പൈതൃക ഭാഷയായ സംസ്കൃത ഭാഷയുടെ അക്ഷരങ്ങളും പദങ്ങളും തിരിച്ചറിയാനുള്ള ശേഷി നേടുന്നു. | അക്ഷര കാർഡ് പാത കാർഡ് അക്ഷരമാല പ്രദർശനം അക്ഷരമരം നിർമ്മിക്കൽ അക്ഷരമാല കളികൾ കാർട്ടൂൺ പ്രദർശനം പാട്ടുകളും കഥകളും കേൾപ്പിക്കൽ എന്നിവയിലൂടെ അക്ഷരങ്ങളും പദങ്ങളും എല്ലാ കുട്ടികളും തിരിച്ചറിയുന്നു എന്ന് ഉറപ്പിക്കൽ | ജൂൺ ആഗസ്റ്റ് | | സംസ്കൃതം ടീച്ചർ |
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുന്നു. | വീട് ഒരു പരീക്ഷണശാല. വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പട്ടികപ്പെടുത്തുന്നു. ഐസിടി സഹായത്തോടെ വസ്തുക്കളുടെ സംസ്കൃതപദം കണ്ടെത്താൻ സഹായിക്കും | സെപ്റ്റംബർ | | |
| വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക | സംസ്കൃത ലൈബ്രറി സജ്ജീകരിക്കും ഓരോ സംസ്കൃത പീരിയഡും ഒരു പുസ്തകം പരിചയപ്പെടുത്തി ഒരു കുട്ടി ഒരു പേജ് വായിക്കാൻ അവസരം നൽകുന്നു | നവംബർ മാർച്ച് | 1000 | PTA |

# മേഖല ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പിക്കൽ ഗണിത ക്ലിനിക്ക് ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിത ആശയങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കൽ | ജൂൺ | **1000** | ഗണിത ടീച്ചർ |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷി വികാസവും | ചിത്ര പ്രദർശനം ഒറിഗാമി ജാമിതീയ രൂപങ്ങൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും | ആഗസ്റ്റ് | | ഗണിത അധ്യാപകർ |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതശാസ്ത്രമേള ഗണിത പസിൽ ഗണിത മോഡൽ ഗണിത ചാർട്ട് ഗണിത ഗെയിം എന്നിവ തയ്യാറാക്കാൻ പ്രദർശിപ്പിക്കാനും അവസരം വിൽക്കുന്നു മികച്ചവ സബ്ജില്ലാ മത്സരത്തിനായി തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നു | ആഗസ്റ്റ് | | |
| | <u>ഗണിത ക്വിസ്</u> മാസത്തിൽ ഒരിക്കൽ സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.<br><u>ഗണിതച്ചുവർ</u><br>ഗണിത ഉൽപ്പന്നങ്ങളും ഗണിത ആശയങ്ങളും പ്രദർശിപ്പിക്കുന്നതിന് ക്ലാസിൽ ഗണിത ചുവർ ഒരുക്കുന്നു.<br><u>ഗണിത മാഗസിൻ</u><br>ക്ലാസ് തലത്തിൽ ഗണിത മാഗസിൻ തയ്യാറാക്കുന്നു മികച്ചവ ഉൾപ്പെടുത്തി സ്കൂൾതല ഗണിത മാഗസിൻ തയ്യാറാക്കുന്നു.<br><u>ഗണിത അസംബ്ലി</u> | എല്ലാമാസവും നാലാമത്തെ വെള്ളി.<br><br>ഡിസംബർ | 1000 | മാത്ത്സ് ക്ലബ്ബ്<br><br>ഗണിത അധ്യാപകർ |
| ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുക | ഗണിത ശില്പശാല എൽ പി തലം രക്ഷിതാക്കളുടെ സഹായത്തോടെ ഗണിതവുമായി ബന്ധപ്പെട്ട രൂപങ്ങൾ ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നു | JULY 8 | 2500 | ഗണിത അധ്യാപകർ |

# മേഖല സാമൂഹ്യ ശാസ്ത്രം

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **സാമ്പത്തികം** | **ചുമതല** |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവുകൾ ആശയങ്ങൾ എന്നിവ നേടിയെടുക്കുന്നതിന് അവ പരിശോധിക്കുന്നതിന് | Virtual field trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു കുറിപ്പ് തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>ചോദ്യോത്തരവേള. വിജ്ഞാനം വളർത്തുന്നതിനും പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്നതിന് നിമിഷങ്ങൾക്കുള്ളിൽ ഉത്തരം നൽകുന്നതിനുള്ള ചോദ്യോത്തരങ്ങൾ ക്ലാസ്സിൽ സംഘടിപ്പിക്കുന്നു.<br>ഭൂപട വായന<br>കേരളം ഇന്ത്യ ലോകം ഭൂപടങ്ങൾ പ്രദർശിപ്പിച്ചു ഭൂപ്രദേശങ്ങൾ ജില്ലകൾ സംസ്ഥാനങ്ങൾ രാജ്യങ്ങൾ എന്നിവയെ കുറിച്ചുള്ള ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നു | August-September | | **SS Club** |
| സാമൂഹ്യശാസ്ത്ര ക്ലാസുകളിൽ നേടിയ അറിവുകൾ ആശയങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു | സെമിനാറുകൾ<br>വ്യത്യസ്ത വിഷയങ്ങളിൽ സെമിനാറുകൾ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കുന്ന വ്യത്യസ്ത വിഷയങ്ങളിൽ നേടിയ അറിവ് സെമിനാറുകളിലൂടെ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു | July - March | 1000 | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യം മൂല്യങ്ങൾ വളർത്തി എടുക്കൽ | സ്കൂൾ പാർലമെൻറ് ഇലക്ഷൻ വിജ്ഞാപനം, നാമനിർദ്ദേശ പത്രിക സമർപ്പണം, മീറ്റ് ദ കാൻഡിഡേറ്റ്, വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലമെൻറ് സംഘടിപ്പിക്കൽ. | വർഷത്തിൽ മൂന്ന് തവണ | **1000** | എസ് എസ് അധ്യാപകർ എസ് എസ് ക്ലബ് |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ മൂസ്യങ്ങൾ എന്നിവ അടുത്തറിയൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | **40000** | എസ് എസ് അധ്യാപകർ പി റ്റി എ |

## മേഖല ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തി വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. സൂമ്പാ പരിശീലനം തെരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലന നൽകുന്നു ക്ലാസ് അധ്യാപകരുടെയും പരിശീലനം നേടിയ മുതിർന്ന കുട്ടികളുടെയും സാന്നിധ്യത്തിൽ മുഴുവൻ കുട്ടികൾക്കും പരിശീല നൽകുന്ന എല്ലാ ദിവസവും സൂമ്പ പ്രാക്ടീസ് ചെയ്യാൻ അവസരം ഒരുക്കുന്നു<br><br>2. കളി ഉപകരണങ്ങൾ ലഭ്യമാക്കുകയും പഠനോത്തോടൊപ്പം കളികളിൽ (ഔട്ട്ഡോർ )ഏർപ്പെടാൻ ഉള്ള അവസരം ഒരുക്കുകയും ചെയ്യുന്നു<br>3. സ്വയം പ്രതിരോധത്തിനായി പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നു<br>4.കായികമേള സംഘടിപ്പിക്കുന്നു.<br>മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു<br>5. പോഷക സമ്പുഷ്ടമായ ആഹാരം ഉറപ്പുവരുത്തുന്നു.<br>6. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>September<br><br>നവംബർ | 10000 | ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ<br><br>വിദ്യാഭ്യാസ വകുപ്പ്<br><br>PTA, SMC ഹെൽത്ത് ക്ലബ് |

## മേഖല കലാ പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കലാമികവുള്ള വരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | ബാലസഭകൾ, കലോത്സവം എന്നിവ സംഘടിപ്പിക്കുകയും വ്യത്യസ്ത കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനും പരിശീലിക്കുന്നതിനും അവസരം ഒരുക്കുകയും ചെയ്യുന്നു. സബ്ജില്ലാ കലോത്സവത്തിലേക്ക് മികച്ച കുട്ടികളെ പരിശീലിപ്പിച്ച് പങ്കെടുപ്പിക്കുന്നു. | സെപ്റ്റംബർ | | ചുമതലയുള്ള അധ്യാപകർ |

## മേഖല പ്രവൃത്തി പരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പ്രവർത്തിപരിചയം പരിശീലനം | 1. ക്ലാസ് തലത്തിൽ നിശ്ചിത പിരീഡിൽ പ്രവൃത്തിപരിചയ പരിശീലനം നൽകുന്നു<br><br>2. സ്കൂൾതലത്തിൽ പ്രവർത്തി പരിചയ മേള നടത്തുന്നു മികച്ചവരെ കണ്ടെത്തി പരിശീലനം നൽകി സബ് ജില്ലയിൽ പങ്കെടുപ്പിക്കുന്നു | വർഷം മുഴുവൻ<br><br>ഓഗസ്റ്റ് | <br><br>20000 | ക്ലാസ് ടീച്ചർ<br><br>ചുമതലയുള്ള അധ്യാപകർ |

## മേഖല സാമൂഹികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുക | ക്ലാസ് പിടിഎ ശക്തിപ്പെടുത്തുന്നു. പിടിഎ, എം പി ടി എ, എസ് എം സി രൂപീകരിക്കുകയും മാസത്തിലൊരിക്കൽ യോഗം കൂടി സ്കൂളിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും മെച്ചപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്യുന്നു<br>2 ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിനായി പദ്ധതി ആസൂത്രണം നടത്തുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പിന്തുണയോടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. | ഓഗസ്റ്റ് | 5000000 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ<br>PTA<br>SMC |
| സ്കൂളിൻറെ പ്രവർത്തന മികവുകൾ സമൂഹത്തിൽ എത്തിക്കുക | സ്കൂൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും കുട്ടികൾ ആർജിക്കുന്ന നേട്ടങ്ങളും സമൂഹമാധ്യമങ്ങളുടെയും പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പഠനോത്സവങ്ങളിലൂടെയും പൊതുസമൂഹത്തിൽ എത്തിക്കുന്നു | വർഷം മുഴുവനും | 20000 | PSITC<br>TEACHERS |
| ഭവന സന്ദർശനം | വിദ്യാലയവും രക്ഷിതാക്കളുമായുള്ള ബന്ധം ശക്തമാക്കാനും കുട്ടിയുടെ സാമൂഹിക സാമ്പത്തിക അവസ്ഥ പഠനത്തിനുമായി പിടിഎ അധ്യാപകർ ഒരുമിച്ച് കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നു | MARCH-MAY | 5000 | PTA<br>SMC<br>TEACHERS |

## മേഖല. പ്രതിഭ പോഷണ പരിപാടികൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കാൻ | എൽ എസ് എസ്, യു എസ് എസ് പരീക്ഷകൾക്ക് യോഗ്യത നേടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക NAS, സ്റ്റെപ്സ്, ന്യൂ മാക്സ് എന്നീ പ്രതിഭാ പോഷണം പരിപാടികൾ ക്ലാസ് തലത്തിൽ നടപ്പാക്കുന്നു. | വർഷം മുഴുവനും | **1000** | ചുമതലയുള്ള അധ്യാപകർ |

## മേഖല. പ്രത്യേക പരിഗണന അർഹിക്കുന്നവർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പിന്തുണ ഉറപ്പാക്കി പഠന തൽപരരാക്കുക | 1. ബി ആർ സി -ലെ റിസോഴ്സ് ടീച്ചറുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങൾ കുട്ടിയുടെ നിലവാരത്തിനനുസരിച്ച് മാറ്റി നൽകുന്നു<br>2. ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവനും | | ക്ലാസ് അധ്യാപകർ |
| | 3. രക്ഷിതാക്കളുടെ സഹായത്തോടെ ഓരോരുത്തർക്കും അനുയോജ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു | ഓഗസ്റ്റ് | 5000 | PTA<br>SMC |
| | 4. ഓരോ കുട്ടിക്കും നൽകേണ്ട പഠന പിന്തുണയെ കുറിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. | ഓഗസ്റ്റ് | | റിസോഴ്സ് ടീച്ചർ |
| | 5. ബാലസഭകളിൽ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു | മാസത്തിൽ ഒരിക്കൽ | | ക്ലാസ് അധ്യാപകർ |

# ഉപസംഹാരം

ഗവൺമെന്റ് യുപിഎസ് ഇടനിലയുടെ 2025-26 വർഷത്തെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ ഭാവി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയും എന്ന് ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.

# ഉപസംഹാരം

ഗവൺമെന്റ് യുപിഎസ് ഇടനിലയുടെ 2025-26 വർഷത്തെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ ഭാവി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയും എന്ന് ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.

*********